# വിഷയവിവരം


**1**

1-16

- കൃഷ്ണന്റെ ശിശു മത്സ്യജഠരത്തിൽ
- പ്രദ്യുമ്നൻ പത്നിയുമായി ദ്വാരകയിൽ
- കൃഷ്ണനെ അതിശയിച്ച കൃഷ്ണപുത്രൻ
- പുത്രനെക്കണ്ട് മോഹിതരായ കൃഷ്ണപത്നിമാർ
- മുതൽ സൂക്ഷിയ്ക്കാനാവാത്ത മുതലാളി
- ഭക്ത്യഹങ്കാരം ഭഗവാനെ വെല്ലുവിളിയ്ക്കയോ
- സത്യമോതിയതിനു ദുഷ്പേർ പിണയുന്നു
- അപഖ്യാതി നീക്കാനുള്ള സാഹസയാത്ര
- ഭക്തിധന്യത വഞ്ചിച്ച മനുഷ്യബുദ്ധി
- സത്യസുന്ദരനു ലഭിച്ച ഇരട്ടസമ്മാനം

**2**

17-38

- ആഡംബരങ്ങൾ വരുത്തിയ ആകർഷണഭ്രമം
- അർഹമല്ലാത്ത സ്വത്തു പിണയ്ക്കുന്ന ആപത്ത്
- കൃഷ്ണൻ ആശയോടെ ഇന്ദ്രപ്രസ്ഥത്തിൽ
- കാളിന്ദീവരണം ഒറ്റയക്ക് സത്യയെ ഏഴായും
- ദ്വാരകാഗാർഹസ്ഥ്യം ലോകപ്രസിദ്ധം
- കൃഷ്ണന്റെ വിവാഹം സ്വാഭിലാഷത്താലല്ല
- നരകഭീകരനെ വെല്ലാൻ കൃഷ്ണനോട് ഇന്ദ്രൻ
- നരകസുതൻ രാജാവും ബന്ദിനികൾ മുക്തരും
- ദ്വാരകയിലെത്തി അതിബൃഹദ്വിവാഹം
- അക്രമമമർത്താൻ എവിടെയും കൃഷ്ണൻ
- ആധുനികതയെ വെല്ലുന്ന നരകപുരിവലയങ്ങൾ
- മോചിതകന്യകൾക്കും കൃഷ്ണൻതന്നെ വരൻ
- ഭയംതീർത്ത കൃഷ്ണനോട് ഇന്ദ്രന്റെ ധാർഷ്ട്യം
- എത്ര ദ്വാരകറാണിമാരോ അത്ര കൃഷ്ണനും
- നിറഞ്ഞൊഴുകുന്ന രാജകുടുംബസമൃദ്ധി

3

39-70

- സ്വമഹിമ അറിയിയ്ക്കുന്ന പ്രണയസല്ലാപം
- ഒന്നുമില്ലാത്ത തന്നെ പിച്ചക്കാർക്കേ വേണ്ടൂ
- തന്നെ രുക്മിണി വേട്ടതു ശരിയല്ലത്രെ
- ഭിക്ഷുസുഹൃത്തിനെ പ്രഭുപുത്രി വരിയ്ക്കയോ
- ഇനിയെങ്കിലും പറ്റിയവനെ തേടിപ്പോകൂ
- ബോധമറ്റ പത്നി കൊഞ്ചിയ്ക്കുന്ന പതി
- സാരഗർഭമായ രുക്മിണിപ്രതിവാക്യങ്ങൾ
- ദമ്പതീസംവാദം ആത്മദ്യോതകമാകണം
- മാറ്റു തെളിയിച്ച പത്നിസംവാദം
- അന്യരെ മുക്തരാക്കോൻ സ്വയം മുക്തനല്ലേ
- കൃഷ്ണപാദങ്ങൾ രക്ഷിയ്ക്കമാത്രമേ വേണ്ടൂ
- പരനെ തേടുന്നതു ഭർത്താവിനു കളങ്കം
- ഭാര്യാനുരൂപത്വം തെളിയാൻ ഇനിയെന്തുവേണം
- സംഹിതാകാരന്റെ വിജ്ഞാനവിശാലത
- ഹൃദയരഞ്ജകമായ പത്യഭിനന്ദനങ്ങൾ
- കൃഷ്ണനെ വിജ്ഞനാക്കിയ പത്നിമഹത്വം
- ബഹുപത്നിമാരിലും പൊന്തിനിന്ന കൃഷ്ണചിത്തം

4

71-89

- കൃഷ്ണപുത്രപങ്ക്തി
- കളിക്കൊതിയാൽ മൃത്യുവരിച്ച രുക്മിണിസോദരൻ
- ഭൂഭാരം കുറയ്ക്കവേ സന്താനവർധനയും
- നാമകരണം സങ്കല്പമൂല്യബദ്ധമാകണം
- ഈശ്വരവരണത്തിൽ സർവമമതയും പോകണം
- ഉറങ്ങുന്ന കൃഷ്ണപൗത്രനെ മോഷ്ടിച്ചു പരിണയം
- ബാണനുവേണ്ടി കൃഷ്ണനെ എതിർക്കുന്ന ശിവൻ
- ബാണരക്ഷ അപേക്ഷിയ്ക്കുന്ന ശിവസാരള്യം
- കൃഷ്ണന്റെ രക്ഷശിക്ഷപ്രഭാവങ്ങൾ
- അദ്ഭുതപൂർണമായ തുരീയം
- ദ്വാരകയിൽ നുഴഞ്ഞുകയറിയ യോഗകൗശലം
- ഗർവകറ്റി ബാണനെ അനുഗ്രഹിച്ച കൃഷ്ണകൃപ

# 5

91-109

- ദാനംചെയ്തതു തിരിച്ചുവന്നാലത്തെ വിപത്ത്
- ബ്രാഹ്മണസ്വത്തപഹാരം സർവവിനാശകരം
- ദാനം ക്രയവിക്രയത്തേക്കാൾ പവിത്രം
- ദേവസ്വത്തേക്കാൾ വരിഷ്ഠം ബ്രഹ്മസ്വം
- ബലരാമന്റെ ഗോകുലവാസവിഹാരങ്ങൾ
- കൃഷ്ണൻചമഞ്ഞ പൗണ്ഡ്രകന്റെ അന്ത്യം
- ബലരാമന്റെ സാഹസദൗത്യം
- സൃഷ്ടിയിൽ അക്രമപ്രത്യക്രമങ്ങൾ അനിവാര്യം
- ഹസ്തിനപുരം പിഴുതെടുത്ത ബലരാമരോഷം

# 6

111-133

- കൃഷ്ണന്റെ കുടുംബജീവിതം കാണാൻ നാരദൻ
- വാസമഹിമയ്ക്കൊത്തേ ഭരണമഹിമയുമുണ്ടാകൂ
- ഒരേകൃഷ്ണൻ എങ്ങും വിവിധകൃത്യങ്ങളിൽ
- അന്ന്  ഇരട്ടഗോപികൾ ഇന്നു ബഹുകൃഷ്ണന്മാർ
- കുളിച്ച് ഊക്കുകഴിച്ചു സഭാഗൃഹത്തിൽ
- മുമ്പു ഗിരിവ്രജമോ ഇന്ദ്രപ്രസ്ഥമോ
- ഊഴം നിശ്ചയിയ്ക്കാൻ ഉദ്ധവനാകട്ടെ
- യുധിഷ്ഠിരപ്രാർഥനയും കൃഷ്ണസമ്മതവും
- കൃഷ്ണഭീമാർജുനൻ ബ്രാഹ്മണരായി മഗധയ്ക്ക്
- ദിനചര്യയിൽ മേന്മ പെരുമാറ്റത്തിൽ മഹിമ
- സ്വഹിതം സഭാഹിതമാക്കാനുള്ള മികവ്
- ജരാസന്ധനെ തറപറ്റിച്ച കൃഷ്ണകുശലത
- രാജ്യം മകന് മുക്തരായവർക്കു കൃതജ്ഞത
- കൃഷ്ണഭക്തിയിൽ മുങ്ങി വിരമിച്ച രാജവൃന്ദം
- ആരുടെ ശക്തിയും നിഷ്ഠുരമാകരുത്

7

135-166

- കൃഷ്ണൻ ആജ്ഞാനുസാരിയെന്നു യുധിഷ്ഠിരതാപം
- രാജസൂയത്തിൽ കൃഷ്ണൻതന്നെ അഗ്രപൂജാർഹൻ
- സഹികെട്ട ശിശുപാലന്റെ ഭർത്സനശരങ്ങൾ
- കൃഷ്ണനിലെ ബഹുമുഖപ്രതിഭ
- ചെയ്തതു ഭർത്സനം ലഭിച്ചതോ സായുജ്യം
- വിശ്വപൂർണതയ്ക്ക് സർവവും ആവശ്യം
- അവഭൃഥസ്നാനത്തിലും ഐന്ദ്രിയലാഘവം
- കുശുമ്പിൽ വെന്ത ദുര്യോധനന്റെ ഇരട്ടവിഡ്ഢിത്തം
- ലാളിത്യപ്രൗഢികൾ സംഗമിയ്ക്കുന്ന സംസ്കാരമേന്മ
- മനോദാരിദ്ര്യം ഉഗ്രൻകെണിതന്നെ എവിടേയും
- രുക്മിണിഹരനെ കൊല്ലാൻ തുനിഞ്ഞ ശിവശക്തി
- രണഭൂമി വിട്ടതു തെറ്റെന്നു സാരഥിയോടു പ്രദ്യുമ്നൻ
- കൃഷ്ണനെ മോഹിപ്പിച്ച വസുദേവഹത്യ
- പ്രേമവല്ലഭനും പോർവിക്രമിയുമായ വരിഷ്ഠവ്യക്തി
- അച്ഛനില്ലാഞ്ഞാലും മകൻ ദ്വാരകരക്ഷയ്ക്ക്
- ശാസ്ത്രസത്യങ്ങൾ ഓതുന്ന ശുക്രപ്രസ്താവന
- ദന്തവക്ത്രനുമായുള്ള അവസാനപ്പോരാട്ടം
- തീർഥാടനം പിണച്ച അകൃത്യവും പ്രായശ്ചിത്തവും
- ബലരാമവാക്യംകേട്ടും തുടർന്ന ഭീമദുര്യോധനപ്പോർ
- ക്ഷിപ്രകോപം വരുത്തിവെച്ച ബ്രഹ്മഹത്യ
- പ്രായശ്ചിത്തത്തിനു തയ്യാറായ ബലരാമാർജവം

167-171

- അനുക്രമണിക

# 1


- കൃഷ്ണന്റെ ശിശു മത്സ്യജഠരത്തിൽ
- പ്രദ്യുമ്നൻ പത്നിയുമായി ദ്വാരകയിൽ
- കൃഷ്ണനെ അതിശയിച്ച കൃഷ്ണപുത്രൻ
- പുത്രനെക്കണ്ട് മോഹിതരായ കൃഷ്ണപത്നിമാർ
- മുതൽ സൂക്ഷിയ്ക്കാനാവാത്ത മുതലാളി
- ഭക്ത്യഹങ്കാരം ഭഗവാനെ വെല്ലുവിളിയ്ക്കയോ
- സത്യമോതിയതിനു ദുഷ്പേർ പിണയുന്നു
- അപഖ്യാതി നീക്കാനുള്ള സാഹസയാത്ര
- ഭക്തിധന്യത വഞ്ചിച്ച മനുഷ്യബുദ്ധി
- സത്യസുന്ദരനു ലഭിച്ച ഇരട്ടസമ്മാനം


## കൃഷ്ണന്റെ ശിശു മത്സ്യജഠരത്തിൽ

ഗൃഹസ്ഥാശ്രമിയാണ് ഇപ്പോൾ കൃഷ്ണൻ, രുക്മിണി ആദ്യത്തെ പത്നിയും. അധികം കഴിയേണ്ടിവന്നില്ല വിദർഭപുത്രി ഗർഭവതിയായി പ്രസവിയ്ക്കാൻ. കൃഷ്ണവീര്യം വഹിച്ചുകൊണ്ട് ജനിച്ച പ്രദ്യുമ്നൻ എങ്ങനെ നോക്കിയാലും കൃഷ്ണനേക്കാൾ ഒട്ടും കുറവല്ല. വിചിത്രമെന്നുപറയട്ടെ, കാര്യങ്ങളുടെ ഗതി ആകെ മറിഞ്ഞു. സ്വശത്രുവായ കാമദേവനാണ് കൃഷ്ണപുത്രനായി ജനിച്ചിരിയ്ക്കുന്നതെന്നു നാരദമഹർഷിമൂലം മനസ്സിലാക്കിയ ശംബരാസുരന് അതു താങ്ങാനായില്ല. പത്തുദിവസമാകുംമുമ്പേ തന്നെ ശിശുവെ ശംബരൻ തട്ടിയെടുത്തു സമുദ്രത്തിലെറിഞ്ഞു.

ഒരു ഉഗ്രൻ മത്സ്യം ആ ശിശുവിനെ വിഴുങ്ങി. അതു മീൻപിടുത്തക്കാരുടെ വലയിൽപ്പെട്ടു. മുക്കുവന്മാർ അതിനെ ശംബരാസുരനു സമ്മാനിച്ചു. പാചകശാലയിലെത്തിയ അതിനെ വെപ്പുകാർ കീറിയപ്പോഴാണ് ഉള്ളിൽ മനുഷ്യശിശുവിനെ കണ്ടത്. ഉടൻ ആ ശിശു മായാവതിയുടെ കൈകളിലെത്തി. സംശയം തോന്നിയ മായാവതിയ്ക്കു നാരദൻ ചരിത്രമെല്ലാം പറഞ്ഞു ധരിപ്പിച്ചു.

കാമദേവന്റെ പത്നിയായിരുന്ന രതി, ശംബരൻ ശിവനോടു ചോദിച്ചു വാങ്ങിയ വരപ്രസാദത്താൽ ശംബരപത്നിയായതാണ്; എന്നാൽ ദേഹം എരിഞ്ഞുപോയ ഭർത്താവിന്റെ ദേഹസംഭവം അഭിലഷിച്ചുകൊണ്ടിരുന്ന രതി സ്വന്തം മായാവൈഭവത്താൽ ശംബരനുമായുള്ള ദൈഹികസംഗമം ഒഴിവാക്കി കഴികയാണ്.

കൈക്കലെത്തിയ ശിശു കാമദേവൻതന്നെയെന്നു മനസ്സിലാക്കിയ മായാവതി ഉള്ളഴിഞ്ഞ് അവനെ സ്നേഹിച്ചുപോന്നു. യൗവനം പ്രാപിച്ചതോടെ ആ കൃഷ്ണപുത്രൻ സ്ത്രീകൾക്കെല്ലാംതന്നെ ശൃംഗാരപ്രദനായിത്തീർന്നു.

അതിസുന്ദരനും സ്വഭർത്താവുമായ പ്രദ്യുമ്നനെ രതീദേവി കാമരസാവേശത്തോടെ ശുശ്രൂഷിച്ചുപോന്നു.

**താമാഹ ഭഗവാൻ കാർഷ്ണിർ-**
**മാതസ്തേ മതിരന്യഥാ**
**മാതൃഭാവമതിക്രമ്യ**
**വർതസേ കാമിനീ യഥാ** (10.55.11)

ഭഗവാൻ കൃഷ്ണപുത്രൻ അവളോടു പറഞ്ഞു: അമ്മേ, താങ്കളുടെ മനസ്സ് മാതൃഭാവത്തെ അതിക്രമിച്ചു കാമിനിയെപ്പോലെ പെരുമാറുന്നത് എങ്ങനെ?

രതീദേവി പ്രദ്യുമ്നന്റെ ജന്മത്തേയും, അനന്തരസംഭവങ്ങളേയും വിവരിച്ചുകൊടുത്തു:

**ഭവാൻ നാരായണസുതഃ**
**ശംബരേണാഹൃതോ ഗൃഹാത്**
**അഹം തേഽധികൃതാ പത്നീ**
**രതിഃ കാമോ ഭവാൻ പ്രഭോ** (10.55.12)

ഭവാൻ നാരായണനായ കൃഷ്ണന്റെ പുത്രനാണ്, ശംബരനാൽ വീട്ടിൽനിന്നു കട്ടുകൊണ്ടുവരപ്പെട്ടവൻ. പ്രഭോ, ഞാൻ അങ്ങയുടെ ധർമപത്നിയായ രതിയാണ്, ഭവാൻ കാമദേവനും.

"ദുർജയനും മായാവിയുമായ ശംബരനെ മായ ഉപയോഗിച്ചുതന്നെ ഭവാൻ കൊല്ലണം. അങ്ങയുടെ അമ്മ പുത്രദു:ഖത്താൽ വലഞ്ഞിരിയ്ക്കയാണ്. എല്ലാ മായാശക്തികളേയും നശിപ്പിയ്ക്കുന്ന മഹാമായാവിദ്യ ഞാൻ നല്കുന്നു."

ഉടൻ പ്രദ്യുമ്നൻ ശംബരന്റെ അടുത്തുചെന്ന് അധിക്ഷേപിച്ചുകൊണ്ട് യുദ്ധത്തിനു വിളിച്ചു. ചവിട്ടേറ്റ സർപ്പംപോലെ കോപത്തോടെ ശംബരൻ ഗദയുമായി പുറപ്പെട്ടു. ചുഴറ്റി എറിഞ്ഞ ഗദയെ പ്രദ്യുമ്നൻ സ്വന്തം ഗദകൊണ്ട് തല്ലിത്തകർത്തു, ശംബരന്റെനേരെ സ്വന്തം ഗദയെറിഞ്ഞു. ശംബരൻ മുകളിൽ മറഞ്ഞുനിന്നു ശരവർഷം തുടങ്ങി.

പ്രദ്യുമ്നൻ മഹാമായ പ്രയോഗിച്ച് അതെല്ലാം തടഞ്ഞു. ശംബരൻ അയച്ച ബഹുവിധ മായകളേയും കൃഷ്ണസുതൻ നിഷ്പ്രഭമാക്കി, ശംബരശിരസ്സിനെ അറുത്തുവീഴ്ത്തിയപ്പോൾ ദേവസ്തുതികൾ ഉതിർന്നു.

## ▢ പ്രദ്യുമ്നൻ പത്നിയുമായി ദ്വാരകയിൽ

പത്നീസമേതനായി ദ്വാരകയിലെത്തിയ പ്രദ്യുമ്നനെ കൃഷ്ണൻതന്നെയാണെന്നു തോന്നി സ്ത്രീകളെല്ലാം ഒളിഞ്ഞുനില്പായി. കൃഷ്ണനല്ലെന്നു ചില ലക്ഷണങ്ങൾക്കൊണ്ട് മനസ്സിലാക്കിയ അവർ ആഗതയുവാവിനെ സമീപിച്ചു.

സ്നേഹതീവ്രതയാൽ സ്തനങ്ങൾ ചുരന്ന രുക്മിണി നഷ്ടപ്പെട്ട പുത്രനെ ഓർത്തുപോയി:

**കോന്വയം നരവൈദൂര്യഃ**
**കസ്യ വാ കമലേക്ഷണഃ**
**ധൃതഃ കയാ വാ ജഠരേ**
**കേയം ലബ്ധാ ത്വനേന വാ**

**മമ ചാപ്യാത്മജോ നഷ്ടോ**
**നീതോ യഃ സൂതികാഗൃഹാത്**
**ഏതത്തുല്യവയോരൂപോ**
**യദി ജീവതി കുത്രചിത്**

**കഥം ത്വനേന സംപ്രാപ്തം**
**സാരൂപ്യം ശാർങ്ഗധന്വനഃ**
**ആകൃത്യാവയവൈർഗത്യാ**
**സ്വരഹാസാവലോകനൈഃ**

**സ ഏവ വാ ഭവേന്നൂനം**
**യോ മേ ഗർഭേ ധൃതോഽർഭകഃ**
**അമുഷ്മിൻ പ്രീതിരധികാ**
**വാമഃ സ്ഫുരതി മേ ഭുജഃ** (10.55.31–34)

കമലനേത്രനായ ഈ പുരുഷരത്നം ആരാകാം, ആരുടെ പുത്രനും ആരാൽ ഗർഭംധരിയ്ക്കപ്പെട്ടവനുമാകാം, ഇവനു ലഭിച്ച ഇവൾ ആരാവോ!

പ്രസവഗൃഹത്തിൽനിന്ന് ആരോ കൊണ്ടുപോയി എന്റെ മകൻ നഷ്ടപ്പെട്ടതാണല്ലോ. അവൻ ജീവിച്ചിരുന്നെങ്കിൽ, ഇവന്റെ വയസ്സ് കാണും.

ഇവന് ആകൃതി, അംഗോപാംഗങ്ങൾ, നടത്തം, സ്വരം, ചിരി, നോട്ടം എല്ലാറ്റിലും കൃഷ്ണനോടു സാദൃശ്യം കൈവന്നതെങ്ങനെ?

ഞാൻ ഗർഭത്തിൽ ധരിച്ചവൻതന്നെയാകുമോ ഇവൻ! എനിയ്ക്ക് ഇവനോടു കൂടുതൽ സന്തോഷം തോന്നുന്നു, ഇടത്തെ കൈ തുടിയ്ക്കുന്നു.

രുക്മിണി ഇങ്ങനെ ആലോചിച്ചുനില്ക്കവേ അച്ഛനമ്മമാരോടൊപ്പം അവിടെ വന്ന കൃഷ്ണൻ ഒന്നും പറഞ്ഞില്ല. ശംബരൻ മകനെ കൊണ്ടുപോയതും മറ്റും നാരദനാണ് പറഞ്ഞുധരിപ്പിച്ചത്. അതു കേട്ട് അന്തഃപുരമാകെ ആഹ്ലാദംകൊണ്ടു. മരിച്ച മകൻ മടങ്ങിവന്നപോലെ എല്ലാവർക്കും തോന്നി.